സ്പെഷ്യാലിറ്റി കേഡർ

28 (4899) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം ചാർജ്ജെടുക്കാതെ മാറിനിൽക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ചാർജ്ജെടുക്കാത്തവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) സ്പെഷ്യാലിറ്റി കേഡറിലേക്ക് പുതിയ ഓപ്ഷൻ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ പുതുതായി ഓപ്ഷൻ നൽകിയ ഡോക്ടർമാരെ അവർക്ക് കൂടി സൗകര്യപ്രദമായ ആശുപത്രികളിൽ നിയമിച്ച് ഇപ്പോഴത്തെ പ്രതിസന്ധി ഒഴിവാക്കാൻ ശ്രമിക്കുമോ ?

ഉത്തരം

(എ) സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തെ 98 ആശുപത്രികളിലും, മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികളിലും ചാർജ്ജെടുക്കാതെ മാറി നിൽക്കുന്നവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
തിരുവനന്തപുരം	5
കൊല്ലം	8
പത്തനംതിട്ട	6
ആലപ്പുഴ	1
കോട്ടയം	1
ഇടുക്കി	13
എറണാകുളം	15
തൃശൂർ	2
പാലക്കാട്	5
മലപ്പുറം	8
കോഴിക്കോട്	5
വയനാട്	7
കണ്ണൂർ	6
കാസർഗോഡ്	8
ആകെ	85

LIBRARY ARCHIVES Kerala Legislative Assembly

ഇവരോട് അടിയന്തരമായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1-1-2007 മുതൽ സർവ്വീസിൽ പ്രവേശിച്ച ഡോക്ടർമാർക്ക് സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്ഷൻ നൽകുവാൻ 15-7-2010 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) സ്പെഷ്യലിസ്റ്റുകളുടെ ലഭ്യതയും, ഓരോ ജില്ലയിലെയും സ്പെഷ്യാലിറ്റി പോസ്റ്റുകളുടെ ഒഴിവുകളുടെയും അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതാണ്.

കാസർഗോഡ് ജില്ലാ ആശുപത്രി

29 (4900) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയെ ദേശീയ നിലവാരമുള്ള ആശുപത്രിയായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇവിടെ എത്ര സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര എണ്ണമാണ് നികത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അംഗീകരിച്ചിട്ടില്ല.

(ബി) ഇവിടെ 33 സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 27 എണ്ണം നികത്തിയിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റ് മുഖേന 4 പേരെ പുനർനിയമനം നടത്തുകയും അഡ്ഹോക് വ്യവസ്ഥയിലും കോടതി ഉത്തരവ് മുഖേനയും ഓരോ ഡോക്ടർമാരെ വീതം നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രി വികസനം

30 (4901) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി പ്രത്യേക ബ്ലോക്ക് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly